بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 20.02.15 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*20.02.15 ന് ബൈത്തുൽ ഫുതൂഹ്, ലനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യംചെയ്തു പറയുന്നു, ഞാൻ തന്നെയാണ് മുസ്‌ലിഹ് മൗഊദ് അഥവാ വാഗ്ദത്ത പരിവർത്തനകാരിയെ സംബന്ധിച്ചുള്ള പ്രവചനത്തിന്റെ തെളിവ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വരാൻ പോകുന്ന വാഗ്ദത്ത പുത്രനെ സംബന്ധിച്ച് പറഞ്ഞ പ്രവചനങ്ങൾക്ക് എന്നെത്തന്നെ അല്ലാഹു പാത്രമാക്കിയിരിക്കുന്നു.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു: ഫെബ്രുവരി 20 ന്റെ ദിവസമാണിന്ന്. ഇന്നത്തെ ദിവസം അഹ്മദിയ്യാ ജമാഅത്തിൽ മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ചുള്ള പ്രവചനവുമായി ബന്ധപ്പെട്ടാണ് അറിയപ്പെടുന്നത്. ഈ പ്രവചനത്തെ കുറിച്ച് വിവിധ സന്ദർഭങ്ങളിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞിട്ടുള്ള കാര്യങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽ ഇന്ന് ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കുന്നതാണ്. അതിന്റെ എല്ലാ വശങ്ങളേയും കുറിച്ച് പറയുക സാധ്യമല്ല. കുറച്ചു കാര്യങ്ങൾ, കുറച്ചു ഉദ്ധരണികൾ കേൾപിക്കുന്നതാണ്. 1944-ൽ മുസ്‌ലിഹ് മൗഊദിനെകുറിച്ചുള്ള പ്രവചന പശ്ചാത്തലം വിവരിച്ചുകൊണ്ട് പറഞ്ഞു: ‘ഇന്നേക്ക് തികച്ചും 58 വർഷം മുമ്പേ ഈ ഹോശിയാർപൂരിലെ എന്റെ വിരലിനുമുമ്പിലുള്ള ഈ വീട്ടിൽ ഖാദിയാനിലെ ആളുകൾപോലും നല്ലവണ്ണം അറിയാതിരുന്ന അവിടെത്തെ ഒരു വ്യക്തി, ആളുകൾ ഇസ്‌ലാമിനേയും ഇസ്‌ലാമിന്റെ സ്ഥാപകനേയും എതിർക്കുന്നതു കണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഒറ്റയ്ക്കിരുന്ന് ആരാധിക്കുന്നതിനും അവന്റെ സഹായത്തിന്റേയും തുണയുടേയും അടയാളം ചോദിക്കുന്നതിനും വന്നു. അന്ന് ഈ വീട് അറിയപ്പെട്ടിരുന്നത് കുതിരാലയം എന്നായിരുന്നു. ഇതിന്റെ അർഥം അത് താമസത്തിനു പറ്റിയ യഥാർഥ സ്ഥലമല്ലായിരുന്നു എന്നതാണ്. 40 ദിവസത്തെ ദുആയ്ക്കുശേഷം അല്ലാഹു അദ്ദേഹത്തിന് ഒരു അടയാളം നല്കി. ആ അടയാളമിതായിരുന്നു. അല്ലാഹു പറഞ്ഞു: ‘ചില പ്രത്യേക ഗുണവിശേഷങ്ങളോടുകൂടിയ ഒരു പുത്രനെ ഞാൻ നിനക്ക് നല്കും. അവൻ ഇസ്‌ലാമിനെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കും. ദൈവവചനത്തിന്റെ ആത്മജ്ഞാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കും. അവൻ കാരുണ്യത്തിന്റേയും വരപ്രസാദത്തിന്റേയും അടയാളമായിരിക്കും. ഇസ്‌ലാമിക പ്രചാരണത്തിന് അത്യാവശ്യമായിട്ടുള്ള ലൗകികവും ആത്മീയവുമായിട്ടുള്ള അറിവുകൾ അവന് നല്കപ്പെടും. ഇപ്രകാരംതന്നെ അല്ലാഹു അവന് ദീർഘായുസ്സ് നല്കുന്നതാണ്. എത്രത്തോളമെന്നാൽ അവൻ ലോകത്തിന്റെ അറ്റങ്ങൾവരെ കീർത്തി പ്രാപിക്കും.

പിന്നീട് ഒരിടത്ത് അവിടന്ന് പറഞ്ഞു: “ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചപ്പോൾ ശത്രുക്കൾ അതിനെതിരിലും ആക്ഷേപങ്ങളുടെ ഒരു പരമ്പരതന്നെ ആരംഭിച്ചു. അപ്പോൾ 1886 മാർച്ച് 22 ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)മറ്റൊരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. തനിക്കൊരു പുത്രനുണ്ടാകുമെന്ന് പറഞ്ഞ് പ്രവചനം ചെയ്യുന്നത് എങ്ങനെ വിശ്വസിക്കാൻ കഴിയുമെന്നും മനുഷ്യർക്ക് പുത്രന്മാർ ഉണ്ടാകാറുള്ളത് സർവസാധാരണമാണെന്നും താങ്കൾക്കും പുത്രനുണ്ടായാൽ അതുമുഖേന അല്ലാഹുവിന്റെ പ്രത്യേകമായ എന്തെങ്കിലും അടയാളം വെളിപ്പെട്ടുവെന്ന് എങ്ങനെ കരുതാനാകുമെന്നുമായിരുന്നു ശത്രുക്കളുടെ ആക്ഷേപം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ടെഴുതി: ‘ഞാൻ വെറും ഒരു കുട്ടി എനിക്ക് ജനിക്കുമെന്ന് എപ്പോഴാണ് പറഞ്ഞത്? എനിക്കൊരു പുത്രൻ ജനിക്കുമെന്ന് ഞാൻ പറഞ്ഞില്ല. പ്രത്യുത അല്ലാഹു എന്റെ ദുആ സ്വീകരിച്ചുകൊണ്ട് ഒരു അനുഗൃഹീത ആത്മാവിനെ അയക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നുവെന്നും അവന്റെ ബാഹ്യവും ആന്തരികവുമായ അനുഗ്രഹങ്ങൾ ഭൂലോകം മുഴുവൻ വ്യാപിക്കുമെന്നുമായിരുന്നു ഞാൻ പറഞ്ഞത്. ആ ഇൽഹാമിന്റെ ചുരുക്കം ഇതായിരുന്നു.’

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: “ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏതെങ്കിലും തലമുറയിൽ മുന്നൂറ്, നാന്നൂറ് വർഷങ്ങൾക്കുശേഷമാണ് മുസ്‌ലിഹ് മൗഊദ് വരികയെന്നും ഇപ്പോൾ വരികയില്ലെന്നും ചിലയാളുകൾ പറയുന്നു. എന്നാൽ, അവരിൽ ആരും അല്ലാഹുവിനെ ഭയപ്പെടുകയോ പ്രവചനത്തിന്റെ വാക്കുകളെ നോക്കുകയോ അവയിൽ ചിന്തിക്കുകയോ ചെയ്യുന്നില്ല. ഇസ്‌ലാമിന് അടയാളം കാണിക്കാനുള്ള ഒരു ശക്തിയുമില്ലെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്ന കാലത്താണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതെഴുതുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്തപ്പോൾ ‘ഇന്നേക്ക് മുന്നൂറ് വർഷത്തിനുശേഷം നിനക്കൊരു പുത്രനെ നല്കുമെന്നും അവൻ ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള അടയാളമായിരിക്കുമെന്നുമാണ്’ അല്ലാഹു അദ്ദേഹത്തോടു പറഞ്ഞതെന്ന് ഈ ആക്ഷേപകർ നമ്മോടു പറയുന്നു. ഇതിനെ ബുദ്ധിപരമെന്ന് പറയാൻ ലോകത്താരെങ്കിലുമുണ്ടാകുമോ? മുഴുഭ്രാന്തനുപോലും ഇത്തരം കാര്യം അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുവെന്ന് പറയാൻ പറ്റുകയില്ല. അടയാളം ചോദിച്ചയാളുകൾ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽതന്നെയായിരുന്നു ഈ അടയാളം വെളിപ്പെടേണ്ടിയിരുന്നത്. അങ്ങനെതന്നെയാണ് സംഭവിച്ചതും. 1889-ൽ അല്ലാഹുവിന്റെ പ്രവചനമനുസരിച്ച് ഞാൻ ജനിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അടയാളം ചോദിച്ചിരുന്നവർ ജീവിച്ചിരിപ്പുണ്ടായിരുന്നു. തന്റെ ഒരു സ്വപ്നം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ‘ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിന് എന്റെ സ്വപ്നവുമായിട്ടുള്ള സാദൃശ്യത്തെ സംബന്ധിച്ച് വിവരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വപ്നത്തിൽ ഞാൻ കണ്ടു, എന്റെ നാവിലൂടെ ഈ വാക്യം പുറത്തുവന്നു, ‘ഞാൻ വാഗ്ദാനം ചെയ്യപ്പെട്ട

മസീഹാണ്, അദ്ദേഹത്തിന്റെ സദൃശനാണ്, അദ്ദേഹത്തിന്റെ ഖലീഫയാണ്. ഈ വാക്കുകൾ എന്റെ നാവിലൂടെ പുറത്തുവന്നത് എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായിരുന്നു. എന്റെ അവസ്ഥ എങ്ങനെയുള്ളതായിത്തീർന്നുവെന്നാൽ എന്റെ വായിൽ നിന്ന് എന്തൊരുവാക്കുകളാണ് പുറപ്പെട്ടതെന്നോർത്ത് ഞാനുടനെ ആ മൃത്യുവിൽനിന്ന് ഉണർന്നുപോകുമായിരുന്നു. പിന്നീട് ചില സുഹൃത്തുക്കൾ പറഞ്ഞു, മസീഹി ഗുണമുണ്ടാകുമെന്ന കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)1886 ഫെബ്രുവരി 20 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ വന്നിട്ടുണ്ട്. അതായത് അവൻ ലോകത്ത് വന്ന് തന്റെ മസീഹി ഗുണവും റൂഹുൽ ഹഖ്ഖിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. ഈ പ്രവചനത്തിലും മസീഹ് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. മറ്റൊന്ന് ഞാൻ ബിംബം തകർക്കുന്നതായി കണ്ട സ്വപ്നമാണ്. ഇതിന്റെ സൂചനയും ഈ പ്രവചനത്തിന്റെ രണ്ടാമത്തെ ഭാഗത്ത് കാണാവുന്നതാണ്. അതായത് അവൻ റൂഹുൽ ഹഖ്ഖിന്റെ അനുഗ്രഹം മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. റൂഹുൽ ഹഖ്ഖുകൊണ്ടുള്ള ഉദ്ദേശ്യം തൗഹീദിന്റെ ആത്മാവാ ണ്. മൂന്നാമതായി ഞാൻ ഓടുന്നതായും ഭൂമി എന്റെ കാലുകൾക്കടിയിൽ ചുരുട്ടപ്പെട്ടുകൊണ്ടുപോകുന്നതായും ഞാൻ കണ്ടു. വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള പ്രവചനത്തിലും അവൻ വേഗം വേഗം വളരുമെന്ന വാക്കുകളുണ്ട്. ഞാൻ ചില വിദേശ രാജ്യങ്ങളിൽ പോയിരിക്കുന്നതായും അവിടേയും എന്റെ ജോലി അവസാനിപ്പിക്കാതെ വീണ്ടും ഞാൻ മുന്നോട്ടു പോകാനാഗ്രഹിക്കുന്നതായും സ്വപ്നം കണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇറക്കപ്പെട്ട വചനങ്ങളിലും ഇതിലേക്ക് സൂചനകാണുന്നുണ്ട്. എഴുതിയിരിക്കുന്നു: ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. അവൻ ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ നിറയ്ക്കപ്പെടും എന്ന് പ്രവചനത്തിൽ പറഞ്ഞിട്ടുള്ളതിലേക്കും എന്റെ സ്വപ്നത്തിൽ സൂചനനല്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിന്റെ ജ്ഞാനങ്ങളും അറബി ജ്ഞാനങ്ങളും ആ ഭാഷയുടെ തത്ത്വജ്ഞാനങ്ങളും മാതാവിന്റെ മടത്തട്ടിൽ അവരുടെ ഇരു സ്തനങ്ങളിൽനിന്നും മുലപ്പാലിനോടൊപ്പം കുടിപ്പിക്കപ്പെട്ടവനാണ് ഞാൻ. അവൻ ദൈവത്തിന്റെ പ്രതാപം വെളിപ്പെടുന്നതിന് കാരണമാകും എന്നും എഴുതിയിരിക്കുന്നു. ഇതിനെ സംബന്ധിച്ചും ഞാൻ കണ്ട സ്വപ്നത്തിൽ വിശദീകരണം കാണാവുന്നതാണ്. ഞാൻ പറഞ്ഞതുപോലെ സ്വപ്നത്തിൽ എന്റെ നാവിൽ നിയന്ത്രണമുണ്ടാകുകയും അല്ലാഹുവും പിന്നീട് നബി (സ) തിരുമേനിയും അതുകഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം എന്റെ നാവിലൂടെ സംസാരിക്കാൻ തുടങ്ങി. ഇത് ദൈവികപ്രതാപത്തിന്റെ ഒരു അത്ഭുത പ്രകടനമായിരുന്നു. ഇത് പ്രവചനത്തിലും കാണാവുന്നതായിരുന്നു. അതുകൊണ്ട് ഇതും ഇവ രണ്ടിലുമുള്ള ഒരു സാദൃശമാണ്. പിന്നീട് എഴുതിയിരുന്നു: 'അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും.' പ്രവചനത്തിലുള്ള വാക്കുകളാണിത്. സ്വപ്നത്തിലും ഇത് കാണിക്കപ്പെട്ടിരുന്നു. അതായത് ഒരു ജനത. അതിൽ ഞാൻ ഒരാളെ നേതാവായി നിശ്ചയിക്കുന്നു. ശക്തവാനായ ഒരു രാജാവ് തന്റെ കീഴുദ്യോഗസ്ഥനോടു പറയുന്നതുപോലെ ഞാൻ നിശ്ചിതവ്യക്തിയോടു പറയുന്നു: അബ്ദുശ്ശക്കൂറേ! നിങ്ങളുടെ രാജ്യം ഏറ്റവും കുറഞ്ഞകാലത്തിനുള്ളിൽ തൗഹീദിൽ വിശ്വസിക്കുന്നതിനും ശിർക്ക് ഉപേക്ഷിക്കുന്നതിനും താങ്കളായിരിക്കും എന്റെ മുമ്പിൽ ഉത്തരവാദി. നബി(സ)തിരുമേനിയുടെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ മുമ്പിൽവെക്കുക. പ്രതാപവും പ്രഭാവവും ഉള്ളവനായിരിക്കും എന്ന വചനങ്ങൾതന്നെയാകാം സ്വപ്നത്തിൽ എന്റെ നാവിലൂടെ പുറപ്പെട്ടതും. നാം നമ്മുടെ വചനം അവനിൽ ആക്കും എന്ന് പ്രവചനത്തിൽ പറഞ്ഞിട്ടുള്ളത് അവനിൽ ദൈവിക വചനം ഇറങ്ങുമെന്നതിന്റെ സൂചനയാണ്. സ്വപ്നത്തിൽ ഇതിനെക്കുറിച്ചും പറയുന്നുണ്ട്.

1936-ൽ ശൂറായെ സംബോധനചെയ്തുകൊണ്ട് -സ്വഹാബാക്കളുടേയും താബിഈംകളുടേയും വലിയൊരു സംഘംതന്നെ അവിടെ സന്നിഹിതരായിരുന്നു-ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: 'ഇപ്പോൾ നമുക്ക് ഖിലാഫത്തിന്റെ മാത്രം പ്രശ്നമല്ല ഉള്ളത്. രണ്ടുപ്രശ്നം വേറേയുമുണ്ട്. ഒന്നു നുബുവ്വത്തിന്റെ സമീപകാലത്തിന്റെ പ്രശ്നം. രണ്ടാമത്തേത് വാഗ്ദാനം ചെയ്യപ്പെട്ട ഖിലാഫത്തിന്റെ പ്രശ്നം. ഈ രണ്ടുകാര്യങ്ങളുമെന്ന് പറയുന്നത് എല്ലാ ഖലീഫമാരേയും വിശ്വസിക്കുന്നവർക്ക് കിട്ടാത്തതാണ്. അക്കാലഘട്ടത്തിലെ പൊതുജനം അവിടെ നില്ക്കട്ടെ. ഖലീഫമാരും നമ്മുടെ വാക്കുകളിൽനിന്നും നമ്മുടെ കർമങ്ങളിൽനിന്നും നമ്മുടെ നിർദേശങ്ങളിൽനിന്നും സന്മാർഗം കരസ്ഥമാക്കുക എന്ന കാര്യത്തിൽ ആശ്രിതരായിരിക്കും. ഹദ്റത്ത് ഖലീഫ ഔവ്വലിന്റെ വഫാത്തിന്റെ രണ്ടാമത്തെ ദിവസം അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ സംഘടിച്ച് എന്റെ ഖിലാഫത്തിൽ യോജിച്ചതുകൊണ്ടല്ല ഞാൻ ഖലീഫയായത്. പ്രത്യുത ഹദ്റത്ത് ഖലീഫ ഔവ്വലിന്റെ ഖിലാഫത്തിനെക്കാളും മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽനിന്ന് ലഭിച്ച ഇൽഹാമിന്റെ അടിസ്ഥാനത്തിൽ ഞാൻ ഖലീഫയായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഖലീഫയല്ല. വാഗ്ദാനം ചെയ്യപ്പെട്ട ഖലീഫയാണ്. ഞാൻ അല്ലാഹുവിൽനിന്ന് നേരിട്ട് നിയമിക്കപ്പെട്ടവനല്ല. എന്നാൽ, എന്റെ ശബ്ദം അല്ലാഹുവിന്റെ ശബ്ദമാണ്. അതായത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ഇത് പറഞ്ഞിരുന്നതാണ്. ചുരുക്കംപറഞ്ഞാൽ ഈ ഖിലാഫത്തിന്റെ സ്ഥാനം പ്രവാചകത്വത്തിന്റേയും ഖിലാഫത്തിന്റേയും ഇടയ്ക്കുള്ള സ്ഥാനമാണ്. അഹ്മദിയ്യാ ജമാഅത്ത് ഇത് പാഴാക്കിക്കളയുകയും എന്നിട്ട് അല്ലാഹുവിന്റെ തിരുമുമ്പിൽ സ്വതന്ത്രരാകുകയും ചെയ്യേണ്ട അവസരമല്ല ഇത്. നബി ഓരോ ദിവസവും വരാത്തതുപോലെതന്നെ വാഗ്ദത്ത ഖലീഫയും നിത്യവും വരികയില്ലെന്ന കാര്യം ശരിതന്നെയാണ്.

താങ്കൾ മുസ്‌ലിഹ് മൗഊദാണെങ്കിൽ എന്തുകൊണ്ട് വാദിക്കുന്നില്ല എന്ന് ചോദിച്ചപ്പോൾ പറഞ്ഞു: 'എന്നെക്കൊണ്ട് വാദിപ്പിക്കാൻ ആളുകൾ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഞാൻ ഒരിക്കലും അതിന്റെ ആവശ്യമുണ്ടെന്ന് മനനസ്സിലാക്കിയിട്ടില്ല. ഞാൻ മുസ്‌ലിഹ് മൗഊദാണെങ്കിൽ ഞാൻ വാദിക്കാത്തതുകൊണ്ട് എന്റെ സ്ഥാനത്തിന് ഒരു വ്യത്യാസവും ഉണ്ടാകാൻ പോകുന്നില്ല. അല്ലാഹുവിനാൽ നേരിട്ട് നിയമിക്കപ്പെടാത്തെയാളെ സംബന്ധിച്ചിടത്തോളം വാദിക്കേണ്ട ആവശ്യമില്ല. പിന്നീട് അത്തരം വാദം നടത്താൻ എനിക്കെന്ത് ആവശ്യമാണുള്ളത്.' പിന്നീട് 1944 -ൽ ആ മഹാത്മാവ് മുസ്‌ലിഹ് മൗഊദ് ആണെന്ന് വാദിച്ചപ്പോൾ പറഞ്ഞു: 'നമ്മുടെ ജമാഅത്തിലെ സ്നേഹിതന്മാർ ഇതും ഇതുപോലുള്ള മറ്റു പ്രവചനങ്ങളും ആവർത്തിച്ചാവർത്തിച്ച് എന്റെ മുമ്പിൽ വെക്കുകയുണ്ടായി. ഞാൻ അതിന്റെ തെളിവാണെന്ന് വെളിപ്പെടുത്താൻ നിർബന്ധിക്കുകയും ചെയ്തു. ലോകം ഈ ചോദ്യം ചോദിച്ച് ചോദിച്ച് ദീർഘകാലം കഴിഞ്ഞുകടന്നുപോയിരിക്കുന്നു. ഈ ദീർഘകാലത്തെ സംബന്ധിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളിൽ വിവരമുണ്ട്. അതായത് അല്ലാ

ഹുവിന്റെ ഇംഗിതമനുസരിച്ച് ഇക്കാര്യം ഒരു ദീർഘകാലത്തിനു ശേഷം വെളിപ്പെടുന്നതാണ്. നമ്മുടെ ജമാഅത്തിലെ സ്നേഹിതന്മാർ പ്രവചനത്തിൽ പറഞ്ഞിട്ടുള്ളത് എന്നെക്കുറിച്ചാണെന്ന് പറയാറുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ എപ്പോഴും ആ പ്രവചനങ്ങളെ ചിന്താപൂർവം വായിക്കുന്നതിൽനിന്ന് വിട്ടുനില്ക്കുകയും ഒരു തെറ്റായ ചിന്താഗതിയും ഉണ്ടാകാതിരിക്കാൻ ഭയപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, ഇന്ന് ആദ്യമായിട്ട് ഞാൻ ആ എല്ലാ പ്രവചനങ്ങളും വായിച്ചു. ആ പ്രവചനങ്ങൾ വായിച്ചതിനു ശേഷം ഇപ്പോൾ എനിക്ക് അല്ലാഹുവിന്റെ അനുഗ്രഹവും കൃപാതിരേകവുംകൊണ്ട് പറയാൻകഴിയും, അല്ലാഹു ഈ പ്രവചനം ഞാൻ മുഖേനതന്നെ പൂർത്തിയാക്കി എന്ന്." ഏതെങ്കിലും തരത്തിലുള്ള വിളംബരം തനിക്ക് ചെയ്യേണ്ട ആവശ്യമില്ലെന്ന് അവിടന്ന് പറഞ്ഞ ഒരു കാലമുണ്ടായിരുന്നു. അവിടന്ന് തന്നെയാണ് മുസ്‌ലിഹ് മൗഊദെന്നും അതുകൊണ്ട് വിളംബരം ചെയ്യുകയെന്നും അല്ലാഹു വ്യക്തമായും തുറന്നു പറഞ്ഞപ്പോൾ അവിടന്ന് ആക്ഷേപകരോടും വിശ്വസിക്കാത്തവരോടുംസുവ്യക്തമായ നിലയിൽ ആഹ്വാനംചെയ്തു. അവിടന്ന് പറഞ്ഞു:'ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യംചെയ്തു പറയുന്നു, ഞാൻ തന്നെയാണ് മുസ്‌ലിഹ് മൗഊദ് അഥവാ വാഗ്ദത്ത പരിവർത്തനകാരിയെ സംബന്ധിച്ചുള്ള പ്രവചനത്തിന്റെ തെളിവ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വരാൻ പോകുന്ന വാഗ്ദത്ത പുത്രനെ സംബന്ധിച്ച് പറഞ്ഞ പ്രവചനങ്ങൾക്ക് എന്നെത്തന്നെ അല്ലാഹു പാത്രമാക്കിയിരിക്കുന്നു. ഞാൻ വഞ്ചിക്കുകയാണെന്ന് ആരാണോ മനസ്സിലാക്കുന്നത് അല്ലെങ്കിൽ കളവാണ് പറയുന്നതെന്ന് ആരാണോ പറയുന്നത് അയാൾ വരികയും ഇക്കാര്യത്തിൽ ഞാനുമായി മുബാഹല നടത്തുകയും ചെയ്യട്ടെ. അപ്പോൾ അല്ലാഹു സ്വയം തന്നെ ആരാണ് കള്ളവാദിയെന്നും ആരാണ് സത്യവാദിയെന്നും തന്റെ ദൈവിക അടയാളങ്ങളാൽ വിധി പറയുന്നതാണ്.

ഇനി ഞാൻ പ്രവചനങ്ങളുടെ ചില ഭാഗങ്ങൾ വിവരിക്കുന്നതാണ്. ഉദാഹരണത്തിന് ലൗകിക വിദ്യകളാൽ അവൻ നിറയ്ക്കപ്പെടുമെന്ന് പ്രവചനത്തിൽ പറഞ്ഞിട്ടുള്ളതാണ്. പ്രവചനത്തിലെ ലൗകിക വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും എന്ന വാക്കുകളുടെ ഉദ്ദേശ്യം അവന് അല്ലാഹുവിൽനിന്ന് മതപരവും ഖുർആനികവുമായ അറിവുകൾ പഠിപ്പിക്കപ്പെടുമെന്നാണ്. അല്ലാഹു സ്വയം അവന്റെ അധ്യാപകനായിരിക്കും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: 'എനിക്കുണ്ടായ വിദ്യാഭ്യാസം അതു സ്വയം വെളിപ്പെടുത്തുന്നത് മാനുഷികമായ കൈകടത്തലുകൾ അതിൽ ഉണ്ടായിരുന്നില്ല എന്നാണ്.' വീണ്ടും അവിടന്ന് പറയുന്നു: 'അല്ലാഹു തന്റെ മലക്കുകൾ മുഖേന എനിക്ക് ഖുർആനിക ജ്ഞാനങ്ങൾ പ്രദാനം ചെയ്തു. എന്റെ ഉള്ളിൽ അവൻ എങ്ങനെയുള്ള കഴിവാണ് ഉണ്ടാക്കിയുട്ടുള്ളതെന്നാൽ, ആർക്കെങ്കിലും ഖജനാവിന്റെ താക്കോൽ കിട്ടുന്നതുപോലെ എനിക്ക് വിശുദ്ധ ഖുർആനിന്റെ ജ്ഞാനങ്ങളുടെ താക്കോൽ കിട്ടിക്കഴിഞ്ഞിരിക്കുന്നു. ലോകത്തുള്ള ഒരു ആലിമിനും എന്റെ മുമ്പിൽ വരാൻ സാധ്യമല്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്നുതന്നെ ഞാൻ അയാൾക്ക് മറുപടി നല്കുമെന്നും വിശുദ്ധ ഖുർആന്റെ വചനങ്ങൾകൊണ്ടുതന്നെ അയാളുടെ ആക്ഷേപങ്ങളെ ഖണ്ഡിച്ചു കാണിക്കുമെന്നുമാണ് എന്റെ വാദം.' ഒരിടത്ത് അവിടന്ന് പറയുന്നു: 'ഈ എഴുതുന്നയാൾ സ്വയം പല അറിവുകളും മലക്കുകളിൽനിന്ന് പഠിച്ചിട്ടുണ്ട്. എന്നെ ഒരിക്കൽ ഒരു മലക്ക് സൂറ ഫാതിഹായുടെ തഫ്സീർ പഠിപ്പിക്കുകയുണ്ടായി. ആ സമയം മുതൽ ഈ സമയംവരെ സൂറ ഫാതിഹായുടെ എത്രത്തോളം അർഥങ്ങൾ എന്നിൽ തുറക്കപ്പെട്ടുവെന്നാൽ അതിന് അതിരുതന്നെയില്ല. ഏതെങ്കിലും മതത്തിലേയോ ജാതിയിലേയോ ആൾക്ക് ആത്മീയ അറിവുകളിൽനിന്ന് ഏത് വിഷയത്തെ സംബന്ധിച്ചും തന്റെ മുഴുവൻ ഗ്രന്ഥത്തിൽനിന്ന് എന്തൊന്ന് എടുത്ത് കാണിക്കാൻ കഴിയുമോ അതിനെക്കാളുപരി വിഷയങ്ങൾ ദൈവാനുഗ്രഹത്താൽ സൂറ ഫാതിഹായിൽനിന്നുമാത്രം എടുത്ത് കാണിക്കാൻ എനിക്കു കഴിയുമെന്നാണ് എന്റെ വാദം.' പിന്നീട് അവിടന്ന് പറഞ്ഞു: 'ഖിലാഫത്ത് സ്ഥാനത്ത് വന്നതിനുശേഷം അല്ലാഹു എന്നിൽ വിശുദ്ധ ഖുർആനിന്റെ ജ്ഞാനം എത്രമാത്രം തുറന്നുവെന്നാൽ, ഇനി ഖിയാമത്തുന്നാൾവരെ വരുന്ന മുസ്‌ലിം ഉമ്മത്ത് എന്റെ ഗ്രന്ഥങ്ങൾ വായിക്കാനും അതിൽനിന്ന് ഫലമെടുക്കാനും നിർബന്ധിതരായിരിക്കുന്നു.' വീണ്ടും ഒരു സ്ഥലത്ത് പറയുന്നു:'1907-ൽ ആദ്യമായിട്ട് ഞാൻ പൊതുയോഗത്തിൽ പ്രസംഗിച്ചു. ആ സമയത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ഉം സന്നിഹിതനായിരുന്നു. ഞാൻ പ്രസംഗം കഴിഞ്ഞിരുന്നപ്പോൾ എനിക്കോർമയുണ്ട് ഖലീഫ അവ്വൽ(റ) എഴുന്നേറ്റു നിന്നുകൊണ്ട് പറഞ്ഞു: 'മിയാ! ഉന്നതനിലയിലുള്ള പ്രസംഗം ചെയ്തതിന് ഞാൻ നിനക്ക് ആശംസകൾ നേരുന്നു. നിന്നെ സന്തോഷിപ്പിക്കുന്നതിനുവേണ്ടിയല്ല ഞാൻ ഇപ്പറയുന്നത്. ഞാൻ നിനക്ക് ഉറപ്പ് നല്കുകയാണ്. ഞാൻ ഒരുപാട് വായിക്കുന്നവനാണ്. ഞാൻ വലിയ വലിയ തഫ്സീറുകൾ വായിച്ചിട്ടുണ്ട്. എന്നാൽ, ഞാനും ഇന്ന് നിന്റെ പ്രസംഗത്തിൽ മുൻ തഫ്സീറുകളിലൊന്നുമില്ലാത്ത കാര്യങ്ങൾ കേട്ടുവെന്നുമാത്രമല്ല മുമ്പേ എനിക്കത് അറിയുകയേ ഇല്ലായിരുന്നു.'

പ്രവചനത്തിൽ പറയുന്നു, അവൻ ആത്മീയമായ വിദ്യകളാൽ നിറയ്ക്കപ്പെടും. ഇനി ഇതിനെ സംബന്ധിച്ച് പറയാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ആത്മീയവിദ്യകളെക്കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിൽനിന്ന് പ്രത്യേകമായിട്ടുള്ള അറിവുകളാണ്; അദൃശ്യജ്ഞാനം. ഏതെങ്കിലും പ്രത്യേക സേവനം ഏല്പിക്കുന്നവരുടെമേലാണ് അവൻ അത് വെളിവാക്കുന്നത്. അല്ലാഹുവുമായിട്ടുള്ള അവന്റെ ബന്ധം പ്രകടമാകാനും അവൻ മുഖേന ജനങ്ങളുടെ വിശ്വാസത്തെ പുതുക്കുന്നതിനുവേണ്ടിയുമാണ് അങ്ങനെ ചെയ്യുന്നത്. ഈ ഇനത്തിലും അല്ലാഹു എന്നിൽ പ്രത്യേക അനുഗ്രഹം ചൊരിഞ്ഞു. അദൃശ്യജ്ഞാനങ്ങൾ അടങ്ങുന്ന നൂറുക്കണക്കിന് സ്വപ്നങ്ങളും ഇൽഹാമുകളും എനിക്കുണ്ടായിട്ടുണ്ട്.' പറയുന്നു: 'ഖിലാഫത്തിനെ സംബന്ധിച്ച് ഒരു വിചാരവും മനസ്സിലുണ്ടാകാതിരുന്ന, ഹദ്റത്ത് മാസീഹ് മൗഊദ്(അ)ന്റെ ജീവിത കാലത്തുതന്നെ എനിക്ക് അല്ലാഹുവിൽനിന്ന് ഇൽഹാമുണ്ടായി. എനിക്കുണ്ടായ ആയത്ത് ഹദ്റത്ത് ഈസാ(അ)യെസംബന്ധിച്ച് വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ളതാണ്. 'നിഷേധികളുടെമേൽ നിന്നെ വിശ്വസിച്ചവർക്ക് പുനരുഥാനനാൾവരെ വിജയം നല്കുന്നവനാണ്' എന്നുള്ള വാക്കുകളാണ് അവിടെയുള്ളത്. എന്നാൽ, എനിക്കുണ്ടായ ഇൽഹാം മുമ്പേയുള്ളതിനെക്കാൾ കൂടുതൽ താക്കീതുള്ളതാണ്. അതായത് 'ഞാൻ എന്റെ സത്തയെക്കൊണ്ട് സത്യംചെയ്തുപറയുന്നു: ഞാൻ തീർച്ചയായും നിന്നെ വിശ്വസിക്കുന്നവർക്ക് നിന്നെ നിഷേധിക്കുന്നവരുടെമേൽ പുനരുഥാനനാൾവരെ വിജയം നല്കുന്നതാണ്.' ഈ ഇൽഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കേൾപിച്ചു. അവിടന്ന് അത് എഴുതിവച്ചു. ഞാൻ ദീർഘകാലമായി ഈ ഇൽഹാം സ്നേഹിതന്മാരെ കേൾപിച്ചു വരുന്നു. അതിന്റെ ഫലമായി എനിക്കെതിരിൽ ഏതെല്ലാം തരത്തിലുള്ള എതിർപ്പുണ്ടായി എന്ന് നോക്കുക. എന്നാൽ, അല്ലാഹു എനിക്ക് വിജയം നല്കി.

വീണ്ടും പറയുന്നു: 'ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ

പല രീതിയിലും മൂന്നിനെ നാലാക്കുന്നവനാണ്. ഒന്നാമതായി ഇങ്ങനെ, എനിക്കുമുമ്പേ മിർസാ സുൽതാൻ അഹ്മദ് സാഹിബ്, മിർസാ ഫള്ൽ അഹ്മദ് സാഹിബ്, ബശീർ അവ്വൽ എന്നിവർ ജനിച്ചു. നാലാമതായി ഞാനുണ്ടായി. രണ്ടാമത് ഇങ്ങനെയാണ് പുലർന്നത്: 'എനിക്കുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മൂന്നു മക്കളുണ്ടായി. ഇങ്ങനെ ഞാൻ ആ മൂന്നിനെ നാലാക്കി.' മൂന്നാമതായി അത് പുലർന്നത് ഇങ്ങനെയാണ്: 'ഞങ്ങൾ വെറും മൂന്നു സഹോദരങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ച കാരണത്താൽ അവിടത്തെ ആത്മീയ മക്കളിൽ ഉൾപ്പെട്ടു. മിർസാ സുൽതാൻ അഹ്മദ് സാഹിബ് അവിടത്തെ ആത്മീയമക്കളിൽ ഉൾപ്പെട്ടിരുന്നില്ല. എന്റെ കാലഘട്ടം വന്നപ്പോൾ അല്ലാഹു ഞാൻ മുഖേന അദ്ദേഹം ജമാഅത്തിൽ വരേണ്ടുന്ന സാഹചര്യമൊരുക്കി. ഇങ്ങനെ അല്ലാഹു എന്നെ മൂന്നിനെ നാലാക്കുന്നവനാക്കി.' പിന്നെ ഇങ്ങനേയും ഞാൻ മൂന്നിനെ നാലാക്കുന്നവനാണ്: '1886-ലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ പ്രവചനം ചെയ്തത്.1889-ൽ ഞാൻ ജനിച്ചു. അതായത് മൂന്നിനെ നാലാക്കുന്നവനായിരിക്കും എന്ന പ്രവചനത്തിൽ  എന്റെ ജനനം പ്രവചനത്തിനുശേഷം നാലാമത്തെ വർഷമായിരിക്കും ഉണ്ടാകുക എന്ന വിവരവും വെക്കപ്പെട്ടിരുന്നു. ഇപ്രകാരവും ഞാൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. അങ്ങനെതന്നെ സംഭവിച്ചു. അതനുസരിച്ച് എന്റെ ജനനം നടന്നു.' 'പ്രവചനത്തിൽ അഞ്ചാമതായി പറഞ്ഞിരുന്നത് അവന്റെ ഇറക്കം ദൈവികപ്രതാപത്തിന്റെ പ്രകടനത്തിന് കാരണമാകും എന്നാണ്. ഇതും എന്റെ ജീവിതകാലത്ത് പുലർന്നു. ഞാൻ ഖിലാഫത്ത് സ്ഥാനത്ത് വന്നുടനെയാണ് ഒന്നാം ലോക മഹായുദ്ധമുണ്ടായത്. ഇപ്പോൾ രണ്ടാമത്തെ യുദ്ധം ആരംഭിച്ചിരിക്കുന്നു. ഇതുമുഖേന ലോകത്ത് ദൈവിക പ്രതാപം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.'

അവൻ ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും എന്നും പ്രവചനം ചെയ്യപ്പെട്ടിരുന്നു. അല്ലാഹു ഈ പ്രവചനം ഞാൻ മുഖേന പൂർത്തിയാക്കി. ഒന്നാമതായി മുസ്ലീംകൾ തീരെ ശ്രദ്ധിക്കാതിരുന്ന ജനതകൾക്ക് അല്ലാഹു ഹിദായത്ത് നല്കി. അവർ അങ്ങേയറ്റം അപമാനിതരും അധഃപതനത്തിലുമായിരുന്നു. തടവുകാരെപ്പോലെയാണ് അവർ കഴിഞ്ഞിരുന്നത്. വീണ്ടും പറഞ്ഞു: തടവുകാരുടെ മോചനത്തിന്റെ അടിസ്ഥാനത്തിൽ കശ്മീരിലെ സംഭവവും ഈ പ്രവചനത്തിന്റെ സത്യത്തിനുള്ള ഒരു ഉഗ്രൻ തെളിവാണ്. ആ സംഭവങ്ങളെ ഗൗരവത്തോടെ ചിന്തിക്കുന്ന ഓരോരുത്തർക്കും അല്ലാഹു ഞാൻ മുഖേന കശ്മീരികളുടെ മോചനത്തിനുള്ള സാഹചര്യമൊരുക്കിയതും അവരുടെ ശത്രുക്കളെ പരാചയപ്പെടുത്തിയതും അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല.' അവിടന്ന് പറയുന്നു: 'ഇനി പറയാൻ പോകുന്ന പ്രവചനത്തിന് വളരെ വലുതും സുപ്രധാനവുമായ രണ്ട് ഭാഗങ്ങളുണ്ട്. ഈ പ്രവചനത്തിന്റെ ആദ്യ ഭാഗം ഞാൻ നിന്റെ നാമത്തെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിൽനിന്ന് അറയിക്കപ്പെട്ടിരുന്നു. മുഴുലോകത്തും പ്രസിദ്ധനാകുംവിധമുള്ള പ്രവർത്തനങ്ങൾ അദ്ദേഹത്തിൽ നിന്ന് ഉണ്ടാകാത്തിടത്തോളം വെറും പുത്രനെന്ന നിലയിൽ ആ മഹാത്മാവിന്റെ നാമം ലോകത്തിന്റെ അറ്റങ്ങളോളം എത്തുകയില്ല. അതുകൊണ്ട് ഈ പ്രവചനം അവിടത്തെ പ്രസിദ്ധി അസാധാരണമായ പരിതഃസ്ഥിതിയിൽ ഉണ്ടാകാത്തിടത്തോളം മഹത്തായ പ്രവചനമെന്ന് പറയാനും പറ്റുകയില്ല. അങ്ങനെതന്നെ ഉണ്ടായതായി നമ്മൾ കാണുന്നു. ഞാൻ ജനിച്ചതിന് രണ്ട് രണ്ടര മാസത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങി. ഇങ്ങനെ അഹ്മദിയ്യ ജമാഅത്തിന്റെ അടിത്തറ ലോകത്ത് സ്ഥാപിതമായി; ഭൂമിയുടെ അറ്റങ്ങളോളം അവൻ കീർത്തി പ്രാപിക്കും എന്ന് അല്ലാഹു പ്രവചനത്തിൽ പറഞ്ഞിരുന്നതുപോലെ. വിവിധ രാജ്യങ്ങളിൽ അഹ്മദിയ്യാ മിഷൻ സ്ഥാപിക്കാൻ അല്ലാഹു എനിക്ക് തൗഫീഖ് നല്കി. പിന്നീട് ഈ ജമാഅത്ത് വളർന്നു. വളർന്നുകൊണ്ടേപോയി. പ്രവചനത്തിന്റെ വിവിധ ഭാഗങ്ങൾ പ്രൗഢഗംഭീരമായ നിലയിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ൽ പൂർത്തിയായി. പല പ്രാവശ്യവും പൂർത്തിയായി. വിവിധ സ്ഥലങ്ങളിൽ പൂർത്തിയായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തെ വെളിപ്പെടുത്തിക്കൊണ്ടിരുന്നു. നബി(സ)തിരുമേനിയുടേയും ഇസ്ലാമിന്റേയും തേജോവിലാസത്തെ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു ആ മഹാത്മാവിനുമേൽ അവന്റെ കാരുണ്യം എപ്പോഴും വർഷിച്ചുകൊണ്ടിരിക്കുമാറാകട്ടെ. നമുക്കും നമ്മുടെ ഉത്തരവാദങ്ങൾ നിർവഹിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഹുദൂർ അൻവർ, ജമാഅത്തിന്റെ മുബല്ലിഗായ  മൗലാനാ മുഹമ്മദ് സിദ്ദീഖ് ശാഹിദ് സാഹിബ് ഗുരുദാസ്പൂരിയെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുകയും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 20.02.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala